# ആരോഗ്യ കേരളം

DECEMBER 2022

follow us /arogyakeralam www.arogyakeralam.gov.in





# ലഹരിക്കെതിരെ ഗോളടിച്ച് ആരോഗ്യവകുപ്പ്


ആരോഗ്യ വകുപ്പ് ഒരുക്കിയ ഗോൾ പോസ്റ്റിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് ആദ്യ ഗോൾ അടിക്കുന്നു.

**ആരോഗ്യമന്ത്രി വീണാ ജോർജ്ജ് ആദ്യ ഗോളടിച്ചു**

സംസ്ഥാന സർക്കാരിന്റെ നോ ടു ഡ്രഗ്സ് രണ്ടാം ഘട്ട കാമ്പയിൻ രണ്ട് കോടി ഗോൾ ചലഞ്ചിന്റെ ഭാഗമായി ആരോഗ്യവകുപ്പും. സംസ്ഥാന ഹെൽത്ത് സിസ്റ്റം റിസർച്ച് കേന്ദ്രത്തിൽ ഒരുക്കിയ ഗോൾ പോസ്റ്റിൽ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് ആദ്യ ഗോളടിച്ചു.

ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, എൻ എച്ച്എം സംസ്ഥാന മിഷൻ ഡയറക്ടർ ഡോ. എസ് കാർത്തികേയൻ, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ വി മീനാക്ഷി, വിവിധ ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസർമാർ, എൻ എച്ച് എം പ്രോഗ്രാം മാനേജർമാർ, എന്നിവർ പങ്കെടുത്തു.

നോ ടു ഡ്രഗ്സ് ക്യാമ്പയിനിന്റെ ഭാഗമായി സെൽഫി കോർണറും ഒരുക്കിയിരുന്നു. പൊതുജനങ്ങളെയും പരിപാടിയുടെ ഭാഗമാക്കുന്നതിനായി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ആരോഗ്യകേന്ദ്രങ്ങളിൽ കേന്ദ്രീകരിച്ച് ഗോൾ ചലഞ്ച് സംഘടിപ്പിക്കുന്നതാണ്.

# ശബരിമല ദർശനം സുരക്ഷിതമാക്കാൻ ആരോഗ്യവകുപ്പ് പൂർണ്ണസജ്ജം

**പത്തനംതിട്ട**: ശബരിമല മണ്ഡലപൂജ മകരവിളക്ക് തീർത്ഥാടനകാലത്ത് എത്തുന്ന ഭക്തജനങ്ങളുടെ അടിയന്തര ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ആരോഗ്യവകുപ്പ് സുസജ്ജം. നിലയ്ക്കലിൽ വർഷം മുഴുവൻ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാർ ഉൾപ്പെടെ കൂടുതൽ ആരോഗ്യ പ്രവർത്തകരെ നിയമിച്ചു കഴിഞ്ഞു.

പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. അടിയന്തര ശസ്ത്രക്രിയകൾക്കുള്ള ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു, ഇ.സി.ജി, ഓക്സിജൻ, എക്സ് റേ, ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നീലിമല, അപ്പാച്ചിമേട് എന്നിവിടങ്ങളിൽ കാർഡിയോളജി സെന്ററുകൾ പ്രവർത്തിക്കുന്നു. ഈ ആശുപത്രികളിൽ എല്ലാ തരം പാമ്പുവിഷത്തിനും, പേവിഷത്തിനുമുള്ള പ്രതിരോധ മരുന്നുകൾ ലഭ്യമാണ്. പമ്പ മുതൽ സന്നിധാനം വരെയുള്ള തീർത്ഥാടന പാതയിൽ 15 അടിയന്തര വൈദ്യസഹായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മല കയറുന്നതിനിടെ തളർച്ചയോ ക്ഷീണമോ അനുഭവപ്പെടുന്നവർക്ക് വിശ്രമിക്കാനും ഓക്സിജൻ ശ്വസിക്കാനും പ്രഥമ ശുശ്രൂഷക്കുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇവ കൂടാതെ പൾസ് ഓക്സിമീറ്റർ, ഹൃദയ പുനർജീവനത്തിനുള്ള എക്സ്റ്റേണൽ ഡിഫിബ്രിലേറ്റർ തുടങ്ങിയ ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്. പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകരുടെ സേവനങ്ങൾ 24 മണിക്കൂറും ഈ കേന്ദ്രങ്ങളിൽ ലഭ്യമാണ്. പമ്പ മുതൽ സന്നിധാനം വരെയുള്ള തീർത്ഥാടന പാതയിൽ എന്തെങ്കിലും അടിയന്തര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാൽ തൊട്ടടുത്ത അടിയന്തിര വൈദ്യസഹായ കേന്ദ്രത്തിൽ നിന്നും ആരോഗ്യ പ്രവർത്തകർ എത്തി ഹൃദയ പുനരുജ്ജീവനം ഉൾപ്പെടെയുള്ള പ്രഥമ ശുശ്രൂഷ നൽകും. തുടർന്ന് ഓരോ അടിയന്തര വൈദ്യസഹായ കേന്ദ്രത്തോടും ചേർന്ന് പ്രവർത്തിക്കുന്ന അയ്യപ്പ സേവാ സംഘം സ്ട്രെച്ചർ വളണ്ടിയർമാർ ഇവരെ കൂടുതൽ ചികിത്സാ സൗകര്യമുള്ള ആശുപത്രികളിൽ എത്തിക്കും.

എരുമേലിയിൽ നിന്നും പമ്പയ്ക്ക് വരുന്ന പരമ്പരാഗത കാനന പാതയിൽ വനം വകുപ്പിന്റെ സഹായത്തോടെ കല്ലിടാംകുന്ന്, കരിയിലാംതോട്, മഞ്ഞപ്പൊടി തട്ട്, കരിമല


ശാരീരിക അസ്വാസ്ഥ്യം പ്രകടിപ്പിച്ച ഭക്തന്റെ ആരോഗ്യപരിശോധന നടത്തുന്നു

എന്നിവിടങ്ങളിലും അടിയന്തിര വൈദ്യ സഹായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. അടിയന്തരഘട്ടങ്ങളിൽ സന്നിധാനത്തിൽ നിന്നും രോഗികളെ പമ്പയിൽ എത്തിക്കാൻ ദേവസ്വം ബോർഡിന്റെയും വനം വകുപ്പിന്റെയും ഓരോ ആംബുലൻസുകൾ വീതം സജ്ജീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ആധുനിക സൗകര്യങ്ങളോടുകൂടിയ ആംബുലൻസുകൾ പമ്പ, നിലക്കൽ, ഇലവുങ്കൽ, എരുമേലി, വടശ്ശേരിക്കര, പന്തളം, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. വെക്ടർ കൺട്രോൾ യൂണിറ്റുകളുടെ ചുമതലയിൽ നിലയ്ക്കൽ പമ്പ സന്നിധാനം തുടങ്ങിയ സ്ഥലങ്ങളിൽ തെർമൽ ഫോഗിങ് സ്പ്രേയിങ് ഉൾപ്പെടെയുള്ള കൊതുക് നിവാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഹെൽത്ത് സൂപ്പർവൈസറുടെ നേതൃത്വത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ അടങ്ങുന്ന സംഘം നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. ദർശനത്തിന് എത്തുന്നവർക്ക് മലകയറുമ്പോൾ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വ്യക്തമാക്കുന്ന ബോധവൽക്കരണ ബോർഡുകൾ ആറു ഭാഷകളിൽ തയ്യാറാക്കി പന്തളം, പത്തനംതിട്ട ഇടത്താവളം, നിലയ്ക്കൽ പമ്പ, ശരണ പാതയുടെ ഇരുവശങ്ങൾ,എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ശബരിമല വാർഡിൽ എല്ലാ ബെഡുകളിലും ഓക്സിജൻ സപ്ലൈ, വെന്റിലേറ്റർ, പോർട്ടബിൾ വെന്റിലേറ്റർ, ഓക്സിജൻ ബെഡ്, ഇ സി ജി, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടി പാരാ മോണിറ്റർ, ബൈപാസ് വെന്റിലേറ്റർ തുടങ്ങി ഐ.സി.യു അടക്കമുള്ള അത്യാധുനിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ശബരിമല വാർഡിൽ 18 ഉം കാർഡിയോളജി വിഭാഗത്തിൽ രണ്ടും അടക്കം ഇരുപത് ബെഡുകൾ ഒരുക്കിയിട്ടുണ്ട്. ജീവൻരക്ഷാ മരുന്നുകൾ, ജീവൻരക്ഷാ ഉപകരണങ്ങൾ, ലാബ് ടെസ്റ്റുകൾ തുടങ്ങി എല്ലാ സേവനങ്ങളും സൗജന്യമായി നൽകും. ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധം ശബരിമല വാർഡിലേക്ക് മാത്രമായി ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ, അറ്റൻഡർമാർ അടക്കമുള്ള ടീമിന്റെ 24 മണിക്കൂർ സേവനം ഒരുക്കിയിട്ടുണ്ട്. കോന്നി മെഡിക്കൽ കോളേജിലും പ്രത്യേക വാർഡ് ക്രമീകരിച്ചിട്ടുണ്ട്.

ഇത്തവണ പമ്പ കേന്ദ്രീകരിച്ച് കൺട്രോൾ റൂം (04735 203232) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തീർത്ഥാടന പാതയിൽ ഏതെങ്കിലും തീർഥാടകന് നെഞ്ചുവേദനയോ ഹൃദയസ്തംഭനമോ ഉണ്ടായാൽ അവരുടെ അടുത്തേക്ക് അഞ്ച് മിനിറ്റിനുള്ളിൽ ആരോഗ്യപ്രവർത്തകർ എത്തി വേണ്ട ശുശ്രൂഷ നൽകി പമ്പയിൽ എത്തിച്ച് ഉടൻതന്നെ ജനറൽ ആശുപത്രിയിലെത്തിക്കുവാനുള്ള ക്രമീകരണവും ആവശ്യമെങ്കിൽ കാഞ്ഞിരപ്പള്ളിയിലേക്ക് കൊണ്ടു പോകുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കാത്ത് ലാബും, കാർഡിയോളജിസ്റ്റുകളെയും അധികമായി നിയോഗിച്ചിട്ടുണ്ട്.



# ലഹരിയോട് നോ പറയാൻ പുതു തലമുറക്ക് കഴിയണം

**സംസ്ഥാന സർക്കാരിന്റെ** നേതൃത്വത്തിൽ ലഹരിക്കെതിരെ ആരംഭിച്ച പോരാട്ടം രണ്ടാം ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. നിരവധി ആളുകളാണ് പ്രായഭേദമന്യേ നമുക്ക് ചുറ്റും ലഹരിയുടെ പിടിയിലകപ്പെടുന്നത്. ലഹരിയുടെ പിടിയിൽ നിന്നും അവരെ മോചിപ്പിച്ചു കൊണ്ട് അവർക്ക് ആരോഗ്യപൂർണമായ ജീവിത സാഹചര്യം ഒരുക്കുക എന്നത് നമ്മുടെ എല്ലാവരുടെയും കൂട്ടുത്തരവാദിത്തമാണ്. ഇതിനു വേണ്ടി എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള സുദീർഘമായ ക്യാമ്പയിനുകൾക്കാണ് സർക്കാർ രൂപം കൊടുത്തിട്ടുള്ളത്.

ശാരീരികാരോഗ്യത്തെയും മാനസികരോഗ്യത്തെയും നശിപ്പിക്കുന്ന ലഹരിവസ്തുക്കൾ നിമിഷനേരത്തേക്കുള്ള ആനന്ദത്തിന് വേണ്ടിയാണ് ആളുകൾ ഉപയോഗിക്കുന്നത്. എളുപ്പം പ്രലോഭനങ്ങളിൽ വീഴുന്ന കുട്ടികളെയും ചെറുപ്പക്കാരെയുമാണ് ലഹരി മാഫിയ ലക്ഷ്യമിടുന്നത്. അവരുടെ സാമ്പത്തിക ലാഭത്തിന് വേണ്ടി ബലിയാടകുന്നത് ലഹരി ഉപയോഗിക്കുന്നവരും അവരുടെ കുടുംബവുമാണ്.

ആഹ്ലാദത്തിന് വേണ്ടിയോ ചിലതിൽ നിന്ന് ഒളിച്ചോടുന്നതിന് വേണ്ടിയോ ലഹരിയെ കൂട്ടുപിടിക്കുന്ന ഇവർ ലഹരി ഉപയോഗിക്കുന്നതിന്റെ ഭവിഷ്യത്തിനെപ്പറ്റി ആലോചിക്കുന്നില്ല. ലഹരിയോട് അടിമപ്പെടുന്ന ഇവർ പിന്നീട് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളിലേക്കും രോഗങ്ങളിലേക്കുമാണ് എത്തിച്ചേരുന്നത്. മയക്ക് മരുന്ന് കുത്തിവെക്കുന്നതിലൂടെ ഹെപ്പറ്റൈറ്റിസ് ബി & സി, എച്ച് ഐ വി, ശ്വാസകോശ രോഗങ്ങൾ, കാൻസർ തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇതുവഴി ശരീരത്തിന്റെ പ്രതിരോധ ശേഷി നഷ്ടപ്പെടുക, മറവി, ശ്രദ്ധക്കുറവ്, വിഷാദ രോഗം, ലൈംഗികശേഷിക്കുറവ് എന്നിവയ്ക്കും ലഹരി വഴിയൊരുക്കുന്നു.

ലഹരിയോട് നോ പറയാൻ സ്കൂൾ, കോളേജ് വിദ്യാർഥികൾ ഉൾപ്പെടുന്ന പുതുതലമുറയെ പ്രാപ്തരാക്കുകയാണ് ലഹരിയെ ഇല്ലാതാക്കുന്നതിനായി ചെയ്യേണ്ടത്. ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇതിനായി നടന്നുവരുന്നു. ആരോഗ്യമുള്ള ശരീരവും മനസുമാണ് ലഹരി എന്ന ബോധ്യം സമൂഹത്തിൽ ഉണ്ടാക്കിയെടുക്കാൻ ഇത്തരം ക്യാമ്പയിനുകളിലൂടെ സാധിക്കണം. പൊതുജനങ്ങളെ ഇതിന്റെ ഭാഗമായി കൊണ്ട് വരാൻ സാധിക്കണം. ആരോഗ്യമുള്ള ഒരു തലമുറയെ പടുത്തുയർത്തുന്നതിനു വേണ്ടിയുള്ള ഈ ഉദ്യമം നമുക്ക് ഒരുമിച്ച് വിജയിപ്പിക്കാം.

# സ്വകാര്യത ഉറപ്പ് വരുത്തി കുട്ടികൾക്ക് ലഹരി വിമുക്തി ചികിത്സ ഉറപ്പ് വരുത്തണം: മന്ത്രി വീണാ ജോർജ്

ലഹരി വിമുക്ത കേരളം പ്രചാരണ കർമ്മ പരിപാടി രണ്ടാംഘട്ടം ശക്തമാക്കും




> ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന, കൈമാറ്റം, ഉപയോഗം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ വിവരം കൈമാറാനുള്ള ഫോൺ നമ്പർ, മേൽവിലാസം എന്നിവ പ്രദർശിപ്പിച്ചെന്നും ഉറപ്പാക്കണം.

**തിരുവനന്തപുരം**: കുട്ടികൾക്ക് അവരുടെ സ്വകാര്യത ഉറപ്പ് വരുത്തി ലഹരി വിമുക്തി ചികിത്സ ഉറപ്പ് വരുത്തണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. മുതിർന്നവർക്കായി ലഹരി വിമുക്തി ക്ലിനിക്ക് ഉണ്ട്, എന്നാൽ കുട്ടികളുടെ ഭാവികൂടി മുന്നിൽ കണ്ടുള്ള സ്വകാര്യത ഉറപ്പ് വരുത്തിയുള്ള ചികിത്സ ഉറപ്പ് വരുത്തണം. കൂടുതൽ വിദ്യാർത്ഥികളിലേക്ക് ലഹരി വിമുക്ത പ്രവർത്തനങ്ങൾ എത്തിക്കുന്നതിന് ശ്രമിക്കണം. ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും ഇത് പരിശോധിച്ച നടപടി സ്വീകരിക്കണമെന്നും മന്ത്രി നിർദേശം നൽകി. ലഹരി വിമുക്ത കേരളം പ്രചാരണ കർമ്മ പരിപാടിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്ത യോഗത്തിലാണ് മന്ത്രി നിർദേശം നൽകിയത്.

ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പിലും അനുബന്ധ സ്ഥാപനങ്ങളിലും നടത്തിയ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ സ്ഥാപന തലത്തിലും വകുപ്പ് മേധാവികളുടെ തലത്തിലും നടത്തണം. ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന, കൈമാറ്റം, ഉപയോഗം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ വിവരം കൈമാറാനുള്ള ഫോൺ നമ്പർ, മേൽവിലാസം എന്നിവ പ്രദർശിപ്പിച്ചെന്നും ഉറപ്പാക്കണം. സ്കൂളുകൾക്കടുത്തുള്ള കടകളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തേണ്ടതാണ്.

ഫുട്ബോളിലൂടെ മയക്കുമരുന്നിനെതിരെയുള്ള സന്ദേശം കൂടുതൽ പേരിലേക്ക് എത്തിക്കണം. ഡിസംബർ 10 മനുഷ്യാവകാശ ദിനത്തിൽ വിദ്യാർത്ഥികളുടെ വിവിധ പരിപാടികൾ സംഘടിപ്പിക്കണം. ആശയ വിനിമയത്തിനുള്ള ഇടം ഒരുക്കണം. വിദ്യാലയങ്ങൾ, എൻട്രൻസ് കോച്ചിംഗ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് വിവിധ സർക്കാർ വകുപ്പുകൾ സംയുക്തമായി വിദ്യാലയ സന്ദർശനവും ചർച്ചകളും നടത്തണം. പി ടി എകളെ കൂടി ഇതിൽ ഉൾപ്പെടുത്തണം.

കോളേജുകളിൽ കരിയർ ഡെവലപ്മെന്റ് പരിപാടികൾ, ജീവനക്കാരെ ഉൾപ്പെടുത്തി ജാഗ്രത സദസ്സുകൾ, സ്ട്രെസ്സ് മാനേജ്മെന്റ് ക്ലാസ്സുകൾ നടത്തണം. ഇതിനായി ആയുഷ് വകുപ്പും പ്രവർത്തനങ്ങളും ശക്തിപ്പെടുത്താനും മന്ത്രി നിർദ്ദേശം നൽകി.

ട്രൈബൽ, അതിഥി തൊഴിലാളി, തീരദേശ മേഖലകളിൽ മെഡിക്കൽ ക്യാമ്പുകൾ, അവബോധ പരിപാടികൾ എന്നിവ നടത്തണം. സ്റ്റുഡന്റ്സ് ഹോസ്റ്റലുകൾ, ലോഡ്ജുകൾ, ഹോട്ടലുകൾ, ഡോർമെട്രികൾ, റിസോർട്ടുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. മെഡിക്കൽ സ്റ്റോറുകൾ, ആയുർവേദ ഔഷധ ശാലകൾ, മരുന്ന് നിർമ്മാണ യൂണിറ്റുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ എന്നിവ കേന്ദ്രീകരിച്ചുള്ള ബോധവത്കരണം നടത്തണം. മിത്ര 181 കൂടുതൽ ശക്തിപ്പെടുത്താനും മന്ത്രി നിർദ്ദേശം നൽകി.

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തിയ എല്ലാവരേയും മന്ത്രി അഭിനന്ദിച്ചു. ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ, ആയുഷ്, വനിതാ ശിശു വികസന വകുപ്പുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് അദ്ധ്യക്ഷൻമാർ, സ്ഥാപന മേധാവികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# ആരോഗ്യ സ്ഥാപനങ്ങളെ കൂടുതൽ ജനസൗഹൃദമാക്കും: മന്ത്രി വീണാ ജോർജ്




ബത്തേരി താലൂക്ക് ആശുപത്രിയിലെ നവീകരിച്ച ഒ.പി ബ്ലോക്കിന്റെയും വിവിധ യൂണിറ്റുകളുടെയും ഉദ്ഘാടനം മന്ത്രി വീണാ ജോർജ്ജ് നിർവ്വഹിക്കുന്നു

**കൽപ്പറ്റ**: ആരോഗ്യ സ്ഥാപനങ്ങളെ കൂടുതൽ ജനസൗഹൃദമാക്കാനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നതെന്ന് ആരോഗ്യ-വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ്. തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ ബേഗൂർ പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന്റെയും പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ബേഗൂർ കുടുംബാരോഗ്യ കേന്ദ്രം തിരുനെല്ലിയുടെ വികസന നാഴികക്കല്ലായി മാറിയെന്നും കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് കൂടുതൽ സംവിധാനങ്ങൾ ഒരുക്കാനുള്ള ശ്രമങ്ങൾ നടത്തുമെന്നും മന്ത്രി പറഞ്ഞു.

> മെഡിക്കൽ കോളേജ് സാക്ഷാത്ക്കരിക്കുന്നതിന് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷന്റെ നേതൃത്വത്തിലുള്ള സംഘം കർമ്മനിരതമായി പ്രവർത്തിക്കും



പ്രതിരോധ കുത്തിവെപ്പ് രംഗത്ത് തിരുനെല്ലി പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തകർ നടത്തുന്ന പ്രവർത്തനങ്ങളെ മന്ത്രി അഭിനന്ദിച്ചു. വയനാട് മെഡിക്കൽ കോളേജിന്റെ തുടർ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രത്യേക സംഘം രൂപീകരിക്കും. മെഡിക്കൽ കോളേജിന്റെ അംഗീകാരത്തിനായി നാഷണൽ മെഡിക്കൽ കൗൺസിലിന് അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുകയാണ്. അനുമതിക്ക് മുന്നോടിയായി കൗൺസിൽ പരിശോധന ഉടനുണ്ടാകും. മെഡിക്കൽ കോളേജ് സാക്ഷാത്ക്കരിക്കുന്നതിന് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷന്റെ നേതൃത്വത്തിലുള്ള സംഘം കർമ്മനിരതമായി പ്രവർത്തിക്കും. ജില്ലയ്ക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തിയ തീരുമാനങ്ങളുമായി മുന്നോട്ടുപോകും. പ്രവൃത്തികളിലെ അനാവശ്യ കാലതാമസം ഒരു കാരണവശാലും അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു. ജില്ലയിൽ മെഡിക്കൽ വിദ്യാഭ്യാസം തുടങ്ങേണ്ടതും ജനങ്ങൾക്ക് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടുളള മതിയായ ചികിത്സാ സൗകര്യം ലഭ്യമാക്കേണ്ടതും ഏറെ പ്രധാനപ്പെട്ടതാണ്. സർക്കാർ നിയോഗിച്ചിട്ടുളള ഡോക്ടർമാരടക്കമുളള ആരോഗ്യ പ്രവർത്തകരുടെ സേവനം ജില്ലയിൽ ഉറപ്പാക്കും. വർക്കിംഗ് അറേഞ്ച്മെന്റ് ഒരു കാരണവാശാലും പ്രോത്സാഹിപ്പിക്കില്ല. മെഡിക്കൽ കോളേജിൽ ന്യൂറോളജിസ്റ്റ് അടക്കമുള്ള സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കും. സീനിയർ റെഡിഡന്റുമാരെയും നിയമിക്കും. മെഡിക്കൽ കോളേജ് വികസനത്തിനായി നിലവിൽ ആശുപത്രിയോട് ചേർന്ന് നിൽക്കുന്ന വിവിധ വകുപ്പുകളുടെ ഭൂമി എറ്റെടുക്കാൻ ശ്രമിക്കുമെന്നും മന്ത്രി വീണാ ജോർജ് പറഞ്ഞു. വയനാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത്ലാബ് ജനുവരിയോടെ പ്രവർത്തനസജ്ജമാക്കും. മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായ നിർമ്മാണ പ്രവർത്തനത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്ന് മന്ത്രി നിർദ്ദേശം നൽകി.

ജില്ലയിലെ രണ്ടാമത്തെ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ മന്ത്രി ഉദ്ഘാടനം ചെയ്തു. കുപ്പാടിയിൽ 2400 സ്ക്വയർഫീറ്റ് വിസ്തീർണ്ണത്തിലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. മെഡിക്കൽ ഓഫിസർ- 1, സ്റ്റാഫ് നഴ്സ്- 2, ലാബ് ടെക്നീഷ്യൻ- 1, ഫാർമസിസ്റ്റ്- 1, സപ്പോർട്ടിങ് സ്റ്റാഫ്- 1 എന്നിങ്ങനെ ജീവനക്കാരെ എൻ.എച്ച്.എം നിയമിച്ചിട്ടുണ്ട്. നഗരാരോഗ്യ കേന്ദ്രത്തിലെ ഉപകരണങ്ങൾ അടക്കമുള്ള ഭൗതിക സംവിധാനങ്ങളും അവശ്യമരുന്നുകളും എൻഎച്ച്എം ഉറപ്പുവരുത്തിയിട്ടുണ്ട്. ഉച്ചയ്ക്ക് 2 മുതൽ രാത്രി 8 വരെ ഡോക്ടർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും സേവനവും, ലാബ് സൗകര്യവും ലഭ്യമാകും. ജില്ലയിലെ വിവിധ സബ് സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി ഉയർത്തി. മാനന്തവാടി നിയോജക മണ്ഡലത്തിലെ തിരുനെല്ലി, പനവല്ലി, കൂമ്പാരക്കുനി, അരണപ്പാറ, തെക്കോട്ട് കോളനി, പുതുശ്ശേരിക്കടവ്, എള്ളുമന്ദം, കല്ലോടി, കുഴിനിലം, കുന്നമംഗലം, തേറ്റമല, ചെറുകര, ബാവലി, ഏച്ചോം സബ് സെന്ററുകളെയും കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ചീക്കല്ലൂർ, എടപ്പെട്ടി, കുമ്പറ്റ, തൃക്കൈപ്പറ്റ, പനങ്കണ്ടി, മെച്ചന, കൽപ്പറ്റ സൗത്ത്, കൈനാട്ടി, പേരാൽ, കുറുമ്പാല, കാലിക്കുനി, അത്തിമൂല, വാരാമ്പറ്റ, ചുണ്ടേൽ സബ് സെന്ററുകളെയും ബത്തേരി നിയോജക മണ്ഡലത്തിലെ കുപ്പാടി, അമരക്കുനി, ആടിക്കൊല്ലി, ചാമപ്പാറ, പട്ടാണിക്കൂപ്പ്, ശശിമല, വടക്കനാട്, മൂഴിമല സബ് സെന്ററുകളെയുമാണ് ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചത്.

വാഴവറ്റ കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതുതായി നിർമ്മിച്ച കെട്ടിടം മന്ത്രി ഉദ്ഘാടനം ചെയ്തു. സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം പണികഴിപ്പിച്ച ഒ.പി.ഡി ബ്ലോക്കും 10 ബെഡ്ഡുകളുള്ള പീഡിയാട്രിക് ഐ.സി.യുവും ആരോഗ്യവകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു. ആശുപത്രിയിൽ പ്രവർത്തനം ആരംഭിക്കുന്ന കണ്ണ് ശസ്ത്രക്രിയ വിഭാഗത്തിന്റെയും സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള ലബോറട്ടറി പരിശോധനകളുടെയും പ്രഖ്യാപനവും മന്ത്രി നിർവ്വഹിച്ചു.





# എച്ച് ഐ വി ബാധിതർ ഭയക്കുന്നത് ഇന്നും നിലനിൽക്കുന്ന സോഷ്യൽ സ്റ്റിഗ്മയെ

ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് എച്ച് ഐ വിയെക്കുറിച്ച് എൻ എച്ച് എം റേഡിയോ ഹെൽത്ത് കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ഡെപ്യൂട്ടി ഡയറക്ടർ, **ഡോ. യാമിനി തങ്കച്ചിയുമായി** നടത്തിയ അഭിമുഖം



***ഡിസംബർ ഒന്നിന് ലോക എയ്ഡ്സ് ദിനം ആചരിക്കുകയാണ്. ഇത്തവണത്തെ സന്ദേശം എന്താണ്? അതെങ്ങനെയാണ് ആളുകളിലേക്ക് എത്തിക്കുന്നത്?***

**ലോക** എയ്ഡ്സ് ദിനം 1988 മുതൽ നാം ആചരിച്ചു വരുന്നു. എച്ച് ഐ വി ബാധിതർക്ക് ഐക്യദാർഢ്യം നൽകുക, അവബോധം സൃഷ്ടിക്കുക എന്നതാണ് ദിനാചരണം കൊണ്ട് ഉദ്ദേശിക്കുന്നത്. Equalize.. നമുക്ക് ഒരുമിച്ച് എയ്ഡ്സിനെ ഇല്ലാതാക്കാൻ പ്രയത്നിക്കാം എന്നതാണ് ഇത്തവണത്തെ എയ്ഡ്സ് ദിന സന്ദേശം. ഒരുതരത്തിലുള്ള വിവേചനവും ഇല്ലാതെ equalize ചെയ്ത് എല്ലാവർക്കും ചികിത്സ ഉറപ്പാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സ്ത്രീകളെന്നോ സെക്സ് വർക്കർ എന്നോ ട്രാൻസ് ജെൻഡർ എന്നോ കുട്ടികളെന്നോ വ്യത്യാസമില്ലാതെ എല്ലാവർക്കും ചികിത്സ ലഭ്യമാകണം. ലോകത്ത് എയ്ഡ്സ് ബാധിച്ച 52% വരുന്ന കുട്ടികൾക്ക് മാത്രമേ ഇപ്പോൾ മരുന്ന് ലഭിക്കുന്നുള്ളൂ. ബാക്കി വരുന്ന 48% പേർക്ക് മരുന്ന് ലഭിക്കുന്നില്ല. എല്ലാവരേയും ചേർത്ത് നിർത്തി ഒരുപോലെ ചികിത്സാ ലഭ്യമാക്കുക, പ്രതിരോധം തീർക്കുക എന്നതാണ് ഇത്തവണത്തെ സന്ദേശം കൊണ്ട് ഉദ്ദേശിക്കുന്നത്.



***എച്ച് ഐ വിയെക്കുറിച്ചുള്ള അജ്ഞത ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. അടുത്തിരുന്നാലോ, സംസാരിച്ചാലോ രോഗം പകരുമെന്ന പേടിയും. എയ്ഡ്സ് രോഗം പകരുന്നതെങ്ങനെയെന്ന് ലളിതമായി പറയാമോ?***

**നാല്** രീതിയിലൂടെയാണ് എച്ച് ഐ വി പകരുന്നത്. എയ്ഡ്സ് എന്ന് കേൾക്കുമ്പോൾ ആളുകളിൽ ഉണ്ടാവുന്ന ഭീതിയുടെ കാരണം രോഗത്തോടുള്ള ആളുകളുടെ വിവേചനമാണ്. എയ്ഡ്സ് ബാധിതരെ സമൂഹം കാണുന്നത് വേറെ രീതിയിലാണ്. സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധമാണ് എച്ച് ഐ വി പകരാനുള്ള പ്രധാന കാരണം. കോണ്ടം, ഉറകൾ എന്നീ സുരക്ഷാ മാർഗങ്ങൾ ഉപയോഗിക്കാതെയുള്ളതും ഒന്നിൽ കൂടുതൽ പങ്കാളികളുമായുള്ള ലൈംഗിക ബന്ധവും എച്ച് ഐ വി പകരുന്നതിന് കാരണമാകുന്നു. രണ്ടാമത്തേത് എച്ച് ഐ വി ബാധിതയായ അമ്മയിൽ നിന്നും കുഞ്ഞിലേക്കുള്ള രോഗപകർച്ച. അമ്മ ഗർഭകാലത്ത് എയ്ഡ്സ് പരിശോധന നടത്തിയിട്ടില്ല എന്നുണ്ടെങ്കിൽ അമ്മയിൽ നിന്ന് കുഞ്ഞിന് പകരാൻ 30%-40% വരെ സാധ്യതയുണ്ട്. മൂന്നാമത്തെ കാരണം ലഹരി ഉപയോഗമാണ്. ഇപ്പോഴത്തെ ഏറ്റവും വലിയ വിപത്തും. ഇൻജെക്ഷൻ ഉപയോഗിച്ചുള്ള ലഹരി ഉപയോഗമാണ് ഇതിന് പ്രധാന കാരണം. ഒരേ സൂചി ഉപയോഗിച്ച് പലരും ഡ്രഗ്സ് കയറ്റുന്നു. ഇത് എച്ച് ഐ വി ബാധിതനായ ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരാൻ കാരണമാകുന്നു. നാലാമത്തെ കാരണം ബ്ലഡ് ട്രാൻസ്ഫ്യൂഷനാണ്. രക്ത ബാങ്ക് വഴിയാണ് ഇത് സംഭവിക്കുക. എന്നാൽ ഇന്ന് വളരെ ഇത്തരം കേസ് അപൂർവമാണ്. രക്തബാങ്കുകൾ അക്രഡിറ്റഡാണ്. എല്ലാ പരിശോധനയും നടത്തി മാത്രമേ രക്തം സ്വീകരിക്കുകയുള്ളൂ. എന്നാൽ അക്രഡിറ്റഡല്ലാത്ത ബാങ്കുകൾ വഴി രക്തം സ്വീകരിക്കുന്നതിൽ അപകട സാധ്യതയുമുണ്ട്. ഈ നാല് സാഹചര്യങ്ങളിലൂടെയാണ് രോഗം പകരുന്നത്. ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന സ്റ്റിഗ്മയാണ് എച്ച് ഐ വിയെന്ന് കേൾക്കുമ്പോൾ ഭയപ്പെടുത്തുന്നത്. കൂടാതെ ലൈംഗികബന്ധത്തിലൂടെ മാത്രമേ രോഗം പകരൂ എന്ന തെറ്റായ ധാരണയും.

***എച്ച് ഐ വി രോഗബാധിതർ പലപ്പോഴും രോഗത്തിന്റെ അവസാന ഘട്ടത്തിൽ മാത്രമേ ഇത് തിരിച്ചറിയാറുള്ളൂ. രോഗത്തിന്റെ ആദ്യ ഘട്ടത്തിൽ തിരിച്ചറിയാൻ സാധിക്കുമോ? എന്തൊക്കെയാണ് ലക്ഷണങ്ങൾ?***

**പണ്ട്** കാലം തൊട്ടേ നാം പാഠപുസ്തകങ്ങളിൽ കണ്ടിട്ടുള്ളത് മെലിഞ്ഞു എല്ലും തോലുമായ എച്ച് ഐ വി ബാധിതന്റെ ചിത്രമാണ്. എച്ച് ഐ വി ബാധിച്ചാൽ മരണം എന്നതാണ് പൊതുവെയുള്ള ധാരണ. എന്നാൽ ഇന്ന് വലിയ രീതിയിലുള്ള മാറ്റം എച്ച് ഐ വി പരിശോധനയിലായാലും ചികിത്സയിലായാലും സംഭവിച്ചിട്ടുണ്ട്. ഒരാളുടെ ശരീരത്തിൽ എച്ച് ഐ വൈറസ് പ്രവേശിച്ചാൽ, മരുന്ന് കഴിച്ചില്ലെങ്കിൽ പോലും രോഗിയുടെ രോഗപ്രതിരോധ ശേഷിയും ആരോഗ്യവും അടിസ്ഥാനമാക്കി അഞ്ച് മുതൽ ഏഴ് വർഷം വരെ ലക്ഷണങ്ങൾ പ്രകടമാകാതെ ഇരിക്കാം. എന്നാൽ വൈറസ് അയാളുടെ രോഗപ്രതിരോധ ശേഷിയെ ഇല്ലാതാക്കി കഴിയുമ്പോൾ മറ്റു വൈറസുകൾ അവരെ ആക്രമിക്കാൻ ആരംഭിക്കും. ടിബി യാണ് രോഗികളെ കൂടുതലായി ബാധിക്കുന്നത്. അല്ലാതെ എച്ച് ഐ വി ക്ക് മറ്റു ലക്ഷണങ്ങൾ ഒന്നും തന്നെ ഇല്ല.

***എയ്ഡ്സിനെക്കുറിച്ചുള്ള സംശയങ്ങൾ മറ്റുള്ളവരോട് ചോദിക്കാൻ ആളുകൾക്ക് പൊതുവെ പേടിയാണ്. ഇത് ആദ്യ ഘട്ടത്തിൽ തന്നെ രോഗം തിരിച്ചറിയുന്നതിനുള്ള സാധ്യത ഇല്ലാതാക്കുന്നു. എച്ച് ഐ വി ആദ്യ ഘട്ടത്തിൽ കണ്ടെത്തി ചികിത്സ നൽകിയില്ലെങ്കിൽ ഉണ്ടാവുന്ന ഭവിഷത്ത് എന്താണ്?***

**എച്ച് ഐ വിക്കുള്ള** ചികിത്സ എ ആർ ടിയാണ്. 15 ഓളം എ ആർ ടി സെന്റർ സംസ്ഥാനത്തുണ്ട്. എല്ലാ ജില്ലയിലും ഒരു എ ആർ ടി സെന്റർ എങ്കിലും ഉണ്ടാവും. എച്ച് ഐ വി ബാധിക്കാനുള്ള സാധ്യത ആളുകൾ മനസിലാക്കിയാൽ പോലും പുറത്ത് പറയാൻ പേടിയാണ്. എച്ച് ഐ വി പകരാനുള്ള നാല് രീതികൾ നേരത്തെ സൂചിപ്പിച്ചല്ലോ. ഇത്തരത്തിൽ എയ്ഡ്സ് പകരാനുള്ള ഏതെങ്കിലും ഒരു റിസ്ക് ബിഹേവിയർ (Risk Behaviour) നിങ്ങൾക്ക് ഉണ്ടായെന്ന് മനസിലായാൽ അവർ നിർബന്ധമായും എ ആർ ടി സെന്ററിലെത്തി പരിശോധിക്കണം. ഇതിനെക്കുറിച്ച് അവബോധം നൽകുന്നതിനായി സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ 'നോ യുവർ സ്റ്റാറ്റസ്' എന്ന പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. റിസ്ക് ബിഹേവിയറിലൂടെ കടന്നു പോയിട്ടുള്ളവർ പരിശോധന നടത്തി അവരുടെ സ്റ്റാറ്റസ് അറിയണം. വളരെ മികച്ച ചികിത്സാ രീതികളും മരുന്നുകളും ഇന്ന് ലഭ്യമാണ്. ജീവിതശൈലി രോഗങ്ങളെ പോലെ കണ്ടാൽ മതി. ജീവിതത്തിന്റെ അവസാനമാണെന്ന ചിന്ത വേണ്ട. രോഗം മറച്ചു വെക്കുന്നത് സങ്കീർണമാവാൻ ഇടയാക്കും.



***ഇപ്പറഞ്ഞ കാര്യങ്ങളിൽ നിന്ന് നമുക്ക് മനസിലാക്കാൻ സാധിക്കുന്നത് എയ്ഡ്സിനെ പ്രതിരോധിക്കുക എന്നതാണ് പ്രധാനം. എന്തൊക്കെ രീതിയിലുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് നാം നടത്തേണ്ടത്?***

**എച്ച് ഐ വിയെ** പ്രതിരോധിക്കുന്നതിനുള്ള ഒരു മാർഗം വിവാഹത്തിന് മുമ്പ് ലൈംഗിക ബന്ധത്തിൽ ഏർപ്പെടാതിരിക്കുക എന്നുള്ളതാണ്. അല്ലെങ്കിൽ കാഷ്വൽ സെക്സ് (Casual Sex) ഒഴിവാക്കുക. പഠനം സൂചിപ്പിക്കുന്നത് എച്ച് ഐ വി ബാധിച്ചവരിൽ 49% പുരുഷന്മാർക്കും 18% സ്ത്രീകൾക്കും കാഷ്വൽ സെക്സ് മുമ്പ് ഉണ്ടായിരുന്നുവെന്നതാണ്. ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നുവെങ്കിൽ തന്നെ സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കുക. അതുപോലെ എസ് ടി ഐ (Sexually Trasnsmitted Infection), ആർ ടി ഐ (Reproductive Tract Infection) എന്നിവ വരാതെ സൂക്ഷിക്കണം. എസ് ടി ഐ ഉണ്ടായാൽ എച്ച് ഐ വി വരാനുള്ള സാധ്യത കൂടുതലാണ്. രക്തം സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായാൽ അക്രഡിറ്റഡ് ആയ ഇടങ്ങളിൽ നിന്ന് മാത്രം സ്വീകരിക്കുക. ഗർഭിണിയായവർ ആദ്യ മൂന്ന് മാസത്തിനുള്ളിൽ എച്ച് ഐ വി പരിശോധന നടത്തുക. കഴിവതും സർക്കാർ മേഖലയിലുള്ള ജ്യോതിസ് കേന്ദ്രങ്ങളിൽ നിന്ന് പരിശോധന നടത്തുക. അവിടെ മൂന്ന് തരം പരിശോധനകൾ നടത്തും. പ്രൈവറ്റ് മേഖലയിൽ ഒരു റാപ്പിഡ് ടെസ്റ്റ് മാത്രമേയുള്ളൂ. എച്ച് ഐ വി പോസിറ്റീവായാൽ ഉടനെ തന്നെ ചികിത്സ ആരംഭിക്കുക. പ്രസവിച്ചു കഴിഞ്ഞാൽ കുഞ്ഞിനും എ ആർ ടി നൽകും. കൃത്യമായി ഫോളോ അപ്പും ചെയ്യുന്നതായിരിക്കും. ജനിച്ച് ഒന്നരമാസത്തിന് ശേഷം നടത്തുന്ന പരിശോധനയിലൂടെ കുഞ്ഞ് എച്ച് ഐ വി പോസിറ്റീവാണോ അല്ലയോ എന്നതും കണ്ടെത്താൻ സാധിക്കും. ഭാഗ്യവശാൽ കേരളത്തിൽ രണ്ട് വർഷക്കാലയളവിൽ ജനിച്ച ഒരു കുഞ്ഞിനും എച്ച് ഐ വി അണുബാധയേറ്റിട്ടില്ല.

***എച്ച് ഐ വി ബാധിതരായി കഴിഞ്ഞാൽ തങ്ങളുടെ ജീവിതം അവസാനിച്ചു എന്ന ധാരണയാണ് എല്ലാവർക്കും. മറ്റുള്ളവർ തങ്ങളെ മാറ്റിനിർത്തുന്നു എന്ന തോന്നലും. വളരെക്കാലമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആളെന്ന നിലയിൽ ഡോക്ടർ എങ്ങനെ ഇതിനെ നോക്കിക്കാണുന്നു?***

**എച്ച് ഐ വി** ബാധിതൻ എന്നാൽ ശുഷ്കിച്ച മനുഷ്യരൂപമായിരുന്നു പണ്ട് കാലത്ത് ചാനലുകളിൽ പോലും കാണിച്ചിരുന്നത്. തെറ്റായ പല സന്ദേശങ്ങളും സമൂഹമാധ്യമങ്ങളിൽ കൂടിയും പ്രചരിപ്പിക്കും. എന്നാൽ ഇന്ന് മികച്ച ചികിത്സ ലഭ്യമാണ്. എങ്കിലും പല തെറ്റിദ്ധാരണകളും ഇന്നും നിലനിൽക്കുന്നുണ്ട്. കൂടാതെ ഭയവും. ഡയബെറ്റിക്സ് പോലെയുള്ള ഒരു ക്രോണിക്കിൾ ഡിസീസായി എച്ച് ഐ വിയെ കണ്ടാൽ മതി. രോഗബാധിതർ ആരോഗ്യം നന്നായി ശ്രദ്ധിക്കണം. ആഹാര ക്രമം, വ്യായാമം, ഉറക്കം എന്നിവ കൃത്യമായി പാലിക്കുക. മരുന്നുകൾ മറക്കാതെ കഴിക്കുക. മുമ്പേ പറഞ്ഞ റിസ്ക് ബിഹേവിയർ ഇല്ലാതെ നോക്കുക. നല്ലൊരു ജീവിതവുമായി ഇവർക്കും മുന്നോട്ട് പോവാൻ കഴിയും.



***ലഹരിക്കെതിരെ സംസ്ഥാന സർക്കാറിന്റെ നേതൃത്വത്തിൽ ശക്തമായ ക്യാമ്പയിൻ നടന്നു കൊണ്ടിരിക്കുകയാണ്. എച്ച് ഐ വി പകരാൻ ലഹരിയും ഒരു കാരണമാണ്. ഇത് ആശങ്ക നൽകുന്നില്ലേ?***

**തീർച്ചയായും.** മദ്യം, പുകവലി, ഡ്രഗ്സ് എന്നിവക്ക് നേരിട്ട് എച്ച് ഐ വിയുമായി ബന്ധമില്ലെങ്കിൽപ്പോലും രോഗപകർച്ചക്ക് ഒരു കാരണമാണ്. ഒരു കൂട്ടം ആളുകൾ ചേർന്ന് ലഹരി ഉപയോഗിക്കുമ്പോൾ അവിടെ സെക്സ് നടക്കുവാനുള്ള സാഹചര്യമുണ്ട്. ലഹരി ഉപയോഗം മൂലമുള്ള ഉന്മാദ അവസ്ഥയിൽ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുമ്പോൾ സുരക്ഷിത മാർഗങ്ങൾ സ്വീകരിക്കണമെന്നുമില്ല. ഇതൊക്കെ എച്ച് ഐ വി പകരുവാനുള്ള സാഹചര്യം ഉണ്ടാക്കുന്നു. കൂടാതെ ഒരേ സൂചി ഉപയോഗിച്ചുള്ള മയക്കുമരുന്നു എച്ച് ഐ വിക്ക് കാരണമാകുന്നു.

# ആരോഗ്യമേഖലയിൽ സവിശേഷമായ പ്രാധാന്യം ഇടുക്കി ജില്ലക്ക് സർക്കാർ നൽകുന്നു: ആരോഗ്യമന്ത്രി



പീരുമേട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ വിവിധ പ്രവൃത്തികളുടെ ഉദ്ഘാടനം ആരോഗ്യമന്ത്രി വീണാ ജോർജ്ജ് നിർവ്വഹിക്കുന്നു

**പീരുമേട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ വിവിധ പ്രവൃത്തികളുടെ ഉദ്ഘാടനം ആരോഗ്യമന്ത്രി നിർവ്വഹിച്ചു**

**ഇടുക്കി**: ജില്ലയ്ക്ക് ആരോഗ്യമേഖലയിൽ സവിശേഷമായ പ്രാധാന്യം നൽകി ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിന് സർക്കാർ നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നും ഇത് തുടരുമെന്നും ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്ജ്. പീരുമേട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ലേബർ റൂം, ഓപ്പറേഷൻ തിയറ്റർ, സ്റ്റോറേജ് യൂണിറ്റ്, നവീകരിച്ച വാർഡ് എന്നിവയുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഭൂമിശാസ്ത്രപരമായ പ്രത്യേകത കൊണ്ടും ടൂറിസം സാധ്യത ഏറെയുള്ള ജില്ല എന്നതുകൊണ്ടും ആരോഗ്യമേഖലയിൽ കൃത്യമായ ആസൂത്രണത്തോടു കൂടി ഒട്ടേറെകാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ആരോഗ്യമേഖലയിൽ ഇടമലക്കുടിയിൽ സ്ഥിരംതസ്തികകൾ സൃഷ്ടിക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നും ഗോത്ര മേഖലയുമായി ബന്ധപ്പെട്ട ആരോഗ്യകേന്ദ്രങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. താലൂക്ക് ആശുപത്രിയിൽ ലേബർ റൂം എന്ന ദീർഘകാലമായുള്ള നാടിന്റെ സ്വപ്നം സാക്ഷാത്കരിക്കുമ്പോൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എല്ലാവരെയും മന്ത്രി പ്രത്യേകം അഭിനന്ദിച്ചു. താലൂക്ക് ആശുപത്രിക്ക് ഇനിയും വികസനം ആവശ്യമാണ്. ഇതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണെന്നും സ്ഥലം ലഭിക്കുന്ന മുറയ്ക്ക് നടപടികൾ പൂർത്തിയാക്കി പുതിയ കെട്ടിട നിർമ്മാണ പ്രവർത്തങ്ങൾ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

ആശുപത്രികളിൽ രോഗീ സൗഹൃദവും ജന സൗഹൃദവുമായ അന്തരീക്ഷം ഉണ്ടാകണം. ഏറ്റവും മികച്ച ചികിത്സാസംവിധാനങ്ങൾ സർക്കാർ ആശുപത്രികളിൽ ഉണ്ടാകണം. ഒരാൾക്ക് പോലും ചികിത്സ നിഷേധിക്കപ്പെടരുതെന്ന ലക്ഷ്യത്തോടെ ചികിത്സാരംഗത്ത് വലിയ മുന്നേറ്റമാണ് സർക്കാർ നടപ്പിലാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

തോട്ടം മേഖലയിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകാൻ പീരുമേട് താലൂക്ക് ആശുപത്രിയുടെ വികസനം ആവശ്യമായിരുന്നു. പൊതുജനങ്ങളുടെയും സാമൂഹ്യരാഷ്ട്രീയ പ്രതിനിധികളുടെയും നിരന്തരമായ ആവശ്യത്തെ തുടർന്നാണ് ആശുപത്രിയിൽ പ്രസവ വാർഡും ഓപ്പറേഷൻ തീയേറ്ററും പണിയാൻ അനുമതി ലഭിച്ചത്. ആശുപത്രിയിൽ മെറ്റേണിറ്റി യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തി 5 കോടി 35 ലക്ഷം രൂപ അനുവദിക്കുകയും മെറ്റേണിറ്റി യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനം 2015 ൽ ആരംഭിക്കുകയും ചെയ്തു. 2021 ഫെബ്രുവരിയിൽ ഗൈനക്കോളജി ഒ.പി മറ്റ് ഒ.പികൾ ക്വാഷാലിറ്റി എന്നിവയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിച്ചു. ലേബർറൂമിന്റെയും ഓപ്പറേഷൻ തീയേറ്ററിന്റെയും ലേബർ വാർഡിന്റെയും നിർമ്മാണം പൂർത്തികരിക്കുന്നതിന് വേണ്ടി അഴുത ബ്ലോക്ക് പഞ്ചായത്ത് വിവിധ ഘട്ടങ്ങളിലായി 60 ലക്ഷം രൂപ അനുവദിച്ചു. ആരോഗ്യകേരളം ഇടുക്കി മുഖേന 45 ലക്ഷം രൂപയും ചെലവഴിച്ചു. കൊച്ചിൻ ഷിപ്പിയാർഡിന്റെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ചാണ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കിയിട്ടുള്ളത്. ജീവനക്കാരുടെ കുറവും പരിഹരിച്ചു.

# അതിഥി തൊഴിലാളികളെ കൂടെ ചേർത്ത് പഴയങ്ങാടി താലൂക്കാശുപത്രി



അതിഥി ദേവോ ഭവ: പദ്ധതിയ്ക്കായി നിർമ്മിച്ച വാർഡ്

**കണ്ണൂർ**: അതിഥി തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേകം ചികിത്സാ സൗകര്യം ഒരുക്കി പഴയങ്ങാടി താലൂക്ക് ആശുപത്രി. സംസ്ഥാനത്ത് ആദ്യമായാണ് ഒരു താലൂക്കാശുപത്രിയിൽ അതിഥി തൊഴിലാളികൾക്ക് മാത്രമായി പ്രത്യേക ചികിസാ സംവിധാനം ഒരുക്കുന്നത്. അതിഥി ദേവോ ഭവ: പദ്ധതിയ്ക്കായി നിർമ്മിച്ച വാർഡ് ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് ഓൺലൈനായി നിർവ്വഹിച്ചു. കല്യാശ്ശേരി എം.എൽ.എ എം.വിജിൻ ചടങ്ങിൽ അധ്യക്ഷനായി.

> **സംസ്ഥാനത്ത് ആദ്യമായാണ് ഒരു താലൂക്കാശുപത്രിയിൽ അതിഥി തൊഴിലാളികൾക്ക് മാത്രമായി പ്രത്യേക ചികിസാ സംവിധാനം ഒരുക്കുന്നത്**

സ്ത്രീകൾക്കും കുട്ടികൾക്കും പുരുഷൻമാർക്കും പ്രത്യേകം വാർഡുകൾ, 20 ബെഡുകൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ടോയ്‌ലറ്റ് ബ്ലോക്കുകൾ, ഇതിൽ രണ്ട് ഭിന്നശേഷി സൗഹൃദ ശുചിമുറി കൂടി ഉൾപ്പെടുന്നു. ഇതിന് പുറമേ നഴ്സസ് സ്റ്റേഷൻ, ഡോക്ടേർസ് ഡ്യൂട്ടി റൂം, എമർജൻസി മെഡിസിൻ സ്റ്റോർ എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

തീരദേശ ജനത ഉൾപ്പെടെ നിരവധിയാളുകൾ ആശ്രയിക്കുന്ന ചികിത്സാ കേന്ദ്രമാണ് പഴയങ്ങാടി താലൂക്കാശുപത്രി. പഴയങ്ങാടി, മാട്ടൂൽ, മാടായി, കുഞ്ഞിമംഗലം, രാമന്തളി, എട്ടിക്കുളം, കരിവെള്ളൂർ, പയ്യന്നൂർ പ്രദേശത്തെ മൂവായിരത്തോളം വരുന്ന അതിഥി തൊഴിലാളികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകും.

പി.എം കെയർ ഫണ്ട് 97 ലക്ഷം രൂപയാണ് പദ്ധതിക്കായി വിനിയോഗിച്ചത്. ദേശീയ ആരോഗ്യ ദൗത്യം മുഖേന ജില്ലാ നിർമ്മിതി കേന്ദ്രയാണ് നിർമ്മാണ പ്രവൃത്തി നടത്തിയത്. ജില്ലാ ഭരണകൂടത്തിന്റെയും ആരോഗ്യവകുപ്പിന്റെയും കൂട്ടായ പരിശ്രമത്തിലൂടെയാണ് പദ്ധതി യാഥാർഥ്യമാക്കിയത്.



ജനമൈത്രി പോലീസ് ഒരുക്കിയ അനുമോദന പരിപാടിയിൽ എത്തിയ ആശ പ്രവർത്തക വിജിത ഹയറയെ വാരിപ്പുണരുന്നു.

ആശക്കും പറയാനുണ്ട്

തിരുവനന്തപുരം

# ഹയറയ്ക്കിത് രണ്ടാം ജന്മം

**ജീവിതത്തിലേക്ക് തിരികെപ്പിടിച്ച് ആശ**

**മങ്കയം** പുഴയിൽ കുത്തിയൊലിച്ചുവന്ന മലവെള്ളപ്പാച്ചിലിൽ അകപ്പെട്ട് ഒലിച്ചുപോയ ആറുവയസ്സുകാരി ഹയറയ്ക്ക് ഇത് രണ്ടാം ജന്മമാണ്. ജീവിതത്തിനും മരണത്തിനുമിടയിലെ ചുരുങ്ങിയ നിമിഷത്തിൽ ഹയറയെ തിരികെ ജീവിതത്തിലേക്ക് കൊണ്ടുവന്നതാകട്ടെ പെരിങ്ങമല എഫ്.എച്ച്.സി.യിലെ ആശാ പ്രവർത്തക വിജിത. സിപിആർ നൽകിയും കൃത്രിമശ്വാസം നൽകിയും തന്റെ കൈയ്യിലേക്കു വന്നു ചേർന്ന ആ കുഞ്ഞു ജീവൻ രക്ഷിച്ചു.

സെപ്റ്റംബർ നാലാം തീയതി ഞായറാഴ്ചയാണ് മങ്കയത്തെ വെള്ളച്ചാട്ടം കാണാൻ ബന്ധുക്കളോടൊപ്പം ഹയറയുമെത്തിയത്. വാഴത്തോപ്പിലെ മങ്കയം പുഴയിലിറങ്ങിയപ്പോഴാണ് ഇവർ അപകടത്തിൽപ്പെടുന്നത്. അതിശക്തമായ മഴയിൽ വനത്തിൽ ഉരുൾപ്പൊട്ടി മങ്കയം പുഴ പെട്ടെന്ന് കരകവിഞ്ഞു ഒഴുകാൻ തുടങ്ങി. അപ്രതീക്ഷിത മലവെള്ളപ്പാച്ചിലിൽ ഹയറയും ബന്ധുക്കളായ നസ്റിയ ഫാത്തിമ(9)യും ഷാനി (33)യും ഒഴുക്കിൽപ്പെട്ടു. ഒഴുക്കിൽപ്പെട്ട് വാഴത്തോപ്പ് നിന്ന് ഒരു കിലോമീറ്ററോളം ദൂരം വെള്ളത്തിലൂടെ ഒഴുകിയെത്തിയ ഹയറയെ നാട്ടുകാർ ചേർന്ന് രക്ഷിച്ചു. ഹയറയിൽ ജീവന്റെ ചെറിയ തുടിപ്പ് മാത്രമാണ് അവശേഷിച്ചിരുന്നത്. മറ്റ് രണ്ട് പേർക്കും മലവെള്ളപ്പാച്ചിലിൽ ജീവൻ നഷ്ടമായി. ഇവരുടെ മൃതദേഹം രണ്ട് കിലോമീറ്റർ അകലെ നിന്നാണ് പിന്നീട് കണ്ടെത്തിയത്.

മൂന്നുപേർ ഒഴുക്കിൽപ്പെട്ട വിവരം അറിഞ്ഞാണ് ആശാ പ്രവർത്തക വിജിത സംഭവ സ്ഥലത്ത് എത്തുന്നത്. നാട്ടുകാർ വെള്ളത്തിൽ നിന്ന് രക്ഷപ്പെടുത്തിയ ഹയറയെ ഉടൻ തന്നെ ആശുപത്രിയിൽ എത്തിക്കാനുള്ള നടപടിയാണ് അവർ ആദ്യം സ്വീകരിച്ചത്. വിജിതയും നാട്ടുകാരും ചേർന്ന് കുട്ടിയെ ഓട്ടോറിക്ഷയിൽ എട്ട് കിലോമീറ്റർ അകലെയുള്ള പാലോട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ എത്തിച്ചു. പാലോട് വരെ എത്തിച്ചേരാൻ ഏകദേശം 20 മിനുട്ടോളം വേണ്ടി വന്നു. ഇതിനിടയിൽ കുഞ്ഞിന്റെ ഹൃദയമിടിപ്പും ശ്വാസവും നിലക്കുന്ന സാഹചര്യം എത്തിച്ചേർന്നു. ഇത് മനസിലാക്കി വിജിത കുഞ്ഞിന് പ്രഥമ ശുശ്രൂഷയായ സി.പി. ആറും കൃത്രിമ ശ്വാസവും നൽകിക്കൊണ്ടിരുന്നു. ഇതേ തുടർന്ന് കുട്ടി പ്രതികരിക്കാൻ തുടങ്ങി. തുടർന്ന് പാലോട് നിന്നും ആംബുലൻസിൽ കുട്ടിയെ എസ്.എ.റ്റിയിൽ എത്തിക്കുകയും തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു. സമയോചിത ഇടപെടലും കൃത്യസമയത്ത് സി.പി.ആർ. നൽകിയതു കൊണ്ടും മാത്രമാണ് ഹയറയുടെ ജീവൻ രക്ഷിക്കാനായതെന്ന് എസ്.എ.റ്റി. സൂപ്രണ്ട് ഡോ. ബിന്ദു എസ്. അറിയിച്ചു.

രക്ഷാപ്രവർത്തനത്തിലേർപ്പെട്ടവരെ പിന്നീട് പാലോട് ജനമൈത്രി പോലീസ് അനുമോദിച്ചു. മരണത്തിന്റെ വക്കിൽ നിന്ന് ജീവിതത്തിലേയ്ക്ക് കൈപിടിച്ചുയർത്തിയവരെയും കൃത്രിമശ്വാസം നൽകി അപകടസമയത്ത് ജീവന്റെ തുടിപ്പേകിയ വിജിതയേയും കാണാൻ ചടങ്ങിൽ ഹയറയും എത്തിയിരുന്നു.

# ആരോഗ്യകരമായ ജീവിതത്തിലേക്ക് ഒരു വഴികാട്ടി



പരിശോധന ക്യാമ്പിൽ കെ എസ് ഇ ബി ജീവനക്കാരനെ ആരോഗ്യപ്രവർത്തകൻ പരിശോധിക്കുന്നു


**കെഎസ്ഇബി ജീവനക്കാർക്ക് ആരോഗ്യവകുപ്പിന്റെ കരുതൽ.**

**കോഴിക്കോട്**: ജില്ലയിലെ കെഎസ്ഇബി ജീവനക്കാർക്ക് വേണ്ടി ആരോഗ്യവകുപ്പും ദേശീയ ആരോഗ്യ ദൗത്യവും ചേർന്ന് ജീവതാളം പരിശോധന ക്യാമ്പ് 'റാന്തൽ' സംഘടിപ്പിച്ചു. കോഴിക്കോട്, വടകര, നാദാപുരം, ബാലുശ്ശേരി, ഫറോക്ക് തുടങ്ങിയ അഞ്ച് കേന്ദ്രങ്ങളിലെ കെ എസ് ഇ ബി ജീവനക്കാർക്കാണ് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്. ജീവതാളം കാർഡ് വിതരണവും യുണീക്ക് ഹെൽത്ത് ഐഡന്റിഫിക്കേഷൻ (യു എച്ച് ഐ ഡി) രജിസ്ട്രേഷനും ഇതിനോടൊപ്പം പൂർത്തീകരിച്ചു.

ജീവിതശൈലി രോഗ നിയന്ത്രണ പരിപാടിയുടെ പരിശോധന കൂടാതെ സ്ത്രീ രോഗ വിഭാഗം, ഇ എൻ ടി, നേത്ര വിഭാഗം, ദന്ത വിഭാഗം, തുടങ്ങിയ സ്പെഷ്യാലിറ്റികൾ ക്യാമ്പിൽ ഉൾപ്പെടുത്തി. കോഴിക്കോട്, ഫറോക്ക് കേന്ദ്രങ്ങളിൽ എംവിആർ ക്യാൻസർ കെയർ സെന്ററുമായി സഹകരിച്ച് സ്തനാർബുദ നിർണയവും സംഘടിപ്പിച്ചു. പോഷകാഹാര പ്രദർശനവും ആവശ്യമുള്ള ആളുകൾക്ക് ഡയറ്റിംഗ് കൗസിലിംഗും അഞ്ച് കേന്ദ്രങ്ങളിലും സംഘടിപ്പിച്ചു.

കോഴിക്കോട് വൈദ്യുത ഭവനിൽ നടന്ന 'റാന്തൽ' ന്റെ ജില്ലാതല ഉദ്ഘാടനം ഉത്തരമേഖലാ വൈദ്യുത വിതരണ വിഭാഗം ചീഫ് എഞ്ചിനീയർ രജനി. കെ.എസ് നിർവഹിച്ചു.

വിവിധ കേന്ദ്രങ്ങളിലായി ഒക്ടോബർ അവസാന വാരത്തിലും നവംബർ ആദ്യ വാരത്തിലുമായി നടന്ന ക്യാമ്പിൽ 1600 ഓളം പേർ പങ്കെടുത്തു. ആരോഗ്യ രംഗത്തെ വിദഗ്ധർ പങ്കെടുത്ത ആരോഗ്യ ബോധവത്കരണ പ്രഭാഷണങ്ങളും ആരോഗ്യ പ്രദർശനവും ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു.



# ശ്രദ്ധ; മാസ്റ്റർ ഹെൽത്ത് ചെക്കപ്പുമായി ഓമാനൂർ പി.എച്ച്.സി

**മലപ്പുറം**: സംസ്ഥാനത്ത് ആദ്യമായി മാസ്റ്റർ ഹെൽത്ത് ചെക്കപ്പ് പരിപാടി 'ശ്രദ്ധ'യുമായി ഓമാനൂർ പ്രാഥമികാരോഗ്യ കേന്ദ്രം. ജീവിത ശൈലി രോഗ നിർണയവും ചികിത്സയും ലഭ്യമാക്കുകയാണ് 'ശ്രദ്ധ' പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. രോഗനിർണയത്തിനായുള്ള ലാബ് പരിശോധനക്ക് മാത്രമായി വരുന്ന ഭീമമായ തുകയിൽ നിന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സംരക്ഷിക്കുകയും ഇവർക്കായി മിതമായ നിരക്കിൽ പരിശോധന സംവിധാനമൊരുക്കുകയുമാണ് ശ്രദ്ധ.

ഷുഗർ, കൊളസ്ട്രോൾ, ഹൈപ്പർടെൻഷൻ തുടങ്ങിയ പരിശോധനകൾ, കാഴ്ച പരിശോധന, ഭക്ഷണക്രമം പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, കൗൺസിലിംഗ് തുടങ്ങിയവ 'ശ്രദ്ധ'യിലൂടെ ലഭ്യമാകും. സ്വകാര്യ ആശുപത്രികളിൽ രണ്ടായിരത്തിലധികം രൂപ ചെലവ് വരുന്ന പരിശോധനകൾ

> **ജീവിത ശൈലി രോഗ നിർണയവും ചികിത്സയും ലഭ്യമാക്കുകയാണ് 'ശ്രദ്ധ' പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്**

വെറും 99 രൂപയ്ക്കാണ് 'ശ്രദ്ധ'യിലൂടെ ഓമാനൂർ പി എച്ച് സി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. ആദ്യം ബുക്ക് ചെയ്യുന്ന 25 പേർക്കാണ് പരിശോധന. ഓരോ രോഗിക്കും പ്രത്യേകമായി ഹെൽത്ത് റെക്കോർഡ് തയ്യാറാക്കും. രജിസ്ട്രേഷൻ എടുത്ത് കഴിഞ്ഞാൽ രോഗികൾക്ക് ക്യൂ നിൽക്കാതെ നേരിട്ട് ഡോക്ടറെ കാണുന്നതിനുള്ള സൗകര്യം ഏർപ്പാടാക്കിയിട്ടുണ്ട്. നാല് പേരടങ്ങുന്ന രോഗികൾക്കായി ഒരു ആശയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലാബിലെ പരിശോധന, ഡയറ്റ് കൺസൾട്ടേഷൻ, ഡോക്ടർ കൺസൾട്ടേഷൻ തുടങ്ങിയവ നടത്തുന്നത് ഇവരുടെ നേതൃത്വത്തിലാണ്. 'ശ്രദ്ധ' പരിശോധനയിലൂടെ കണ്ടെത്തുന്ന രോഗികളുടെ വിവരങ്ങൾ അതാത് ദിവസം തന്നെ ഫീൽഡ് സ്റ്റാഫുകൾക്ക് കൈമാറുകയും തുടർന്ന് ഇവർക്ക് വേണ്ട ഫോളോ അപ്പ് പരിശോധനകളും ബാക്കിയുള്ള പ്രവർത്തനങ്ങൾ എല്ലാം ഇവർ നിർദ്ദേശിക്കുകയും ചെയ്യുന്നു.

ജീവിതശൈലി രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ജനങ്ങളുടെ ആരോഗ്യ നിലവാരം ഉയർത്തുകയും അതുവഴി സാമ്പത്തികമായ ചിലവുകൾ കുറക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം. എല്ലാ ശനിയാഴ്ചയുമാണ് പരിശോധന സംഘടിപ്പിക്കുന്നത്.

# ആശാ പ്രവർത്തകർ വഴി ജീവിതശൈലി രോഗനിർണയം – മാതൃകാ പ്രവർത്തനവുമായി കുടുംബാരോഗ്യ കേന്ദ്രം

**പാലക്കാട്**: ആശാ പ്രവർത്തകർ വഴി വീടുകളിൽ എത്തി ജീവിതശൈലി രോഗ നിർണയം നടത്തുന്നതിന് മാതൃകാ പ്രവർത്തനവുമായി കല്ലടിക്കോട് കുടുംബാരോഗ്യ കേന്ദ്രം. ബാഗ്, ബി പി അപ്പാരറ്റസ്, ഗ്ലൂക്കോമീറ്ററും സ്ട്രിപ്പും, ഹീമോഗ്ലോബിനോ മീറ്ററും സ്ട്രിപ്പും, ഒരു കുട എന്നിവ അടങ്ങുന്ന കിറ്റ് 25 ആശാപ്രവർത്തകർക്ക് ആദ്യ ഘട്ടത്തിൽ വിതരണം ചെയ്തു. കരിമ്പ ഗ്രാമപഞ്ചായത്തിന്റെയും കല്ലടിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കിയത്.

ജീവിതശൈലി രോഗങ്ങൾ ഉള്ളവർക്ക് ആവശ്യമായ ചികിത്സ ഉറപ്പാക്കി രോഗം നിയന്ത്രിക്കുകയും വരാൻ സാധ്യതയുള്ളവർക്ക് രോഗത്തെ പ്രതിരോധിക്കാൻ ആവശ്യമായ പിന്തുണ നൽകുകയുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജീവിതശൈലി രോഗങ്ങളും പ്രത്യേകിച്ച് ക്യാൻസറും നേരത്തെ തന്നെ കണ്ടെത്തുക വഴി രോഗം സങ്കീർണ്ണമാകാതെ ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്ന സാഹചര്യത്തിൽ പരിശോധന കിറ്റ് ഉപയോഗിച്ച് വീടുകളിൽ എത്തി ആശാ പ്രവർത്തകർ തന്നെ സ്ക്രീനിങ് നടത്തി രോഗ സാധ്യത കണ്ടെത്താനാകുന്നു എന്നതാണ് പ്രധാനം.

ആശമാർ തങ്ങളുടെ പതിവ് ഗൃഹ സന്ദർശനത്തോടനുബന്ധിച്ച് തന്നെ വീട്ടുകാരുമായി സംസാരിക്കുകയും ഹൈപ്പർടെൻഷൻ, ഡയബെറ്റിക്, മറ്റു ജീവിതശൈലി രോഗ ലക്ഷണങ്ങൾ ഉള്ളവരെ സ്ക്രീനിംഗ് നടത്തുകയും അടുത്ത ആരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്യുകയുമാണ് ചെയ്യുന്നത്. അടുത്ത സന്ദർശനത്തിൽ തുടർ ചികിത്സ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. പ്രതിമാസം ഇത്തരത്തിൽ 5 മുതൽ 10 വരെ പുതിയ കേസുകൾ കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.




**തൃശ്ശൂർ**: ലഹരിക്കെതിരെ ജനകീയ പ്രതിരോധം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആരംഭിച്ച 'നോ ടു ഡ്രഗ്സ്' ക്യാമ്പയിനിന്റെ ഭാഗമായി സ്കൂൾ വിദ്യാർഥികൾക്കായി ഒരു ബോധവൽക്കരണ നാടകം. ജില്ലാ ആരോഗ്യവകുപ്പും വിദ്യാഭ്യാസവകുപ്പും ജില്ലാ ഇൻഫർമേഷൻ ഓഫീസും സംയുക്തമായാണ് ലഹരി വിരുദ്ധ ബോധവത്ക്കരണ നാടകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് അവതരിപ്പിച്ചത്. ജില്ലയിലെ 29 വിദ്യാലയങ്ങളിലാണ് നാടകം അരങ്ങേറിയത്.

ശാന്തിപുരം എന്ന ഗ്രാമം ലഹരി ഉപയോഗം കാരണം അശാന്തിപുരമായി മാറുന്നതാണ് നാടകത്തിന്റെ പ്രമേയം. വിദ്യാർത്ഥികൾക്ക് ലഹരി പദാർത്ഥങ്ങൾ ലഭ്യമാകുന്നതും ലഹരിയുടെ ഉപയോഗം കുടുംബ ബന്ധങ്ങളേയും സാമൂഹിക ബന്ധങ്ങളേയും ബാധിക്കുന്നതും ലഹരി ഉപയോഗിക്കുന്നവരുടെ വ്യക്തിത്വം തന്നെ നശിക്കുന്നതും നാടകം ചർച്ച ചെയ്യുന്നു. ലഹരി പദാർത്ഥങ്ങളെ പൂതമായി അവതരിപ്പിച്ചിരിക്കുന്നു. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം നടക്കുന്നതിനെതിരെ ശാന്തിപുരത്തെ ഭ്രാന്തൻ എന്ന കഥാപാത്രമാണ് സന്ദേശം നൽകുന്നത്. അശാന്തിപുരം എന്ന ഗ്രാമം ലഹരിയിൽ നിന്നും വിമുക്തമായി ശാന്തിപുരം എന്ന പഴയ ഗ്രാമമായി മാറ്റുന്നിടത്ത് നാടകം അവസാനിക്കുന്നു. ഗാനങ്ങൾ ഉൾപ്പെടുത്തിയും,അരങ്ങിൽ നിന്നിറങ്ങി സദസ്സിനിടയിൽ കഥാപാത്രങ്ങൾ എത്തിയും നാടകം വിദ്യാർഥികളുടെ ശ്രദ്ധ പിടിച്ചുപറ്റി. ആരോഗ്യവകുപ്പിനു വേണ്ടി പുനർജനി ജീവജ്വാലകലാസമിതി വേലൂർ ആണ് നാടകം ചിട്ടപ്പെടുത്തിയിട്ടുള്ളതും അവതരിപ്പിക്കുന്നതും.

അവതരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ചെവ്വൂർ സെന്റ്.സേവ്യർ ഹൈസ്കൂളിൽ നടന്നു. വിദ്യാർത്ഥികൾ പങ്കെടുത്ത റാലിയോടെ ആരംഭിച്ച പരിപാടി എം.എൽ.എ സി സി മുകുന്ദൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ഡേവിസ് അദ്ധ്യക്ഷനായി.

വിദ്യാർത്ഥികൾ അവതരിപ്പിച്ച ബോധവത്ക്കരണ ഫ്ളാഷ് മോബ് സിഗനേച്ചർ ക്യാമ്പെയിൻ എന്നിവയും പരിപാടിയുടെ ഭാഗമായി നടന്നു.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**ഡോ. എസ് കാർത്തികേയൻ ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

മാനേജിംഗ് എഡിറ്റർ
**വി കെ വർഷ**
ജെ സി(ഡിഹസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റേഴ്സ്
**ടി സ്മൃതി ലക്ഷ്മി**
ജെ സി(ഡിഹസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി(ഡിഹസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ

**വർഷ ജയപ്രകാശ്**
ജെ സി (ഡിഹസി), തിരുവനന്തപുരം
**വിനീഷ് സി ആർ**
കൺസൾട്ടന്റ്(ഡിഹസി), കോട്ടയം
**ഡാനി പ്രിയൻ**
കൺസൾട്ടന്റ്(ഡിഹസി), തൃശൂർ
**വിനു എ**
കൺസൾട്ടന്റ്(ഡിഹസി), എറണാകുളം
**ജിജിൽ മാത്യു**
കൺസൾട്ടന്റ്(ഡിഹസി), ഇടുക്കി
**അജിത്കുമാർ പി എ**
ജെ സി(ഡിഹസി), പത്തനംതിട്ട

**പ്രീത എം**
ജെ സി(ഡിഹസി), പാലക്കാട്
**ദിവ്യ ഇ ആർ**
ജെ സി(ഡിഹസി), മലപ്പുറം
**ദിവ്യ**
കൺസൾട്ടന്റ്(ഡിഹസി), കോഴിക്കോട്
**നിജിൽ**
ജെ സി (ഡിഹസി), വയനാട്
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഹസി),കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഹസി), കാസർഗോഡ്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്


പ്രമേഹത്തെ കായികപരമായി നേരിടാം

# ആരോഗ്യകായികമേള 'ആരവം' സംഘടിപ്പിച്ച് കോട്ടയം ആരോഗ്യവകുപ്പ്



ഏറ്റവും കൂടുതൽ പോയിന്റ് നേടിയ പാലാ നിയമാസഭാമണ്ഡലം ടീം ഓവറോൾ കിരീടവുമായി

**കോട്ടയം**: പ്രമേഹത്തെ മരുന്നുകൊണ്ടു മാത്രമല്ലാതെ കായികവിനോദങ്ങളിലൂടെയും വ്യായാമമുറകളിലൂടെയും പിടിച്ചുകെട്ടാൻ ജില്ലാ ആരോഗ്യവകുപ്പ്. ലോകപ്രമേഹ ദിനത്തോടനുബന്ധിച്ച് ജില്ലാ ആരോഗ്യവകുപ്പും ആരോഗ്യ കേരളവും സംയുക്തമായി തദ്ദേശസ്വയംഭരണ ജനപ്രതിനിധികളെ ഉൾപ്പെടുത്തി നടത്തിയ ആരോഗ്യകായിക മേള ആരവം-22 പൊതുജനശ്രദ്ധ പിടിച്ചുപറ്റി. ഏറ്റവും കൂടുതൽ പോയിന്റ് നേടിയ പാലാ നിയമാസഭാമണ്ഡലം ഓവറോൾ കിരീടം കരസ്ഥമാക്കി.

ലോക പ്രമേഹദിനത്തോടനുബന്ധിച്ച് നവംബർ 12, 13, 14 തീയതികളിലായാണ് കായികമേള നടന്നത്. ജീവിതശൈലീരോഗ നിയന്ത്രണത്തിൽ കായികവിനോദങ്ങൾക്കും വ്യായാമത്തിനുമുള്ള പ്രാധാന്യത്തെക്കുറിച്ച് ആളുകളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ജനപ്രതിനിധികളും ആരോഗ്യപ്രവർത്തകർക്കൊപ്പം മേളയിൽ പങ്കെടുത്തു. ജില്ലയിലെ ഒൻപത് നിയമസഭാ മണ്ഡലങ്ങളിൽ നിന്നായി 200 ഓളം ജീവനക്കാരാണ് കായികമേളയിൽ പങ്കെടുത്തത്. സ്ത്രീ, പുരുഷ വിഭാഗങ്ങളിലായി ക്രിക്കറ്റ്, ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, ഷട്ടിൽ എന്നിവയ്ക്ക് പുറമെ അത്ലറ്റിക് വിഭാഗത്തിലും മത്സരം നടന്നു. 40 വയസ്സിനുമുകളിലുള്ളവർക്കും താഴെയുള്ളവർക്കുമായി വെവ്വേറെ വിഭാഗങ്ങളിലായായിരുന്നു മത്സരം. മത്സര വിജയികൾക്ക് മെഡൽ സമ്മാനിച്ചു.

# നൂറു ക്യാമ്പുകൾ പൂർത്തീകരിച്ച് അതിഥി ദേവോ ഭവ:



അതിഥി ദേവോ ഭവ: ക്യാമ്പിൽ രോഗിയെ പരിശോധിക്കുന്ന ആരോഗ്യപ്രവർത്തക

**എറണാകുളം**: അതിഥിദേവോ ഭവ പ്രൊജക്ടിന്റെ ഭാഗമായി 100 മെഡിക്കൽ ക്യാമ്പുകൾ പൂർത്തീകരിച്ച് എറണാകുളം ജില്ല. കഴിഞ്ഞ എപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിലാണ് ഈ നേട്ടം കരസ്ഥമാക്കിയത്. അതിഥി തൊഴിലാളികൾക്കിടയിൽ കൃത്യമായ ആരോഗ്യപരിചരണം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും സ്ക്രീനിംഗ് നടത്തുതിനുമായി നടപ്പിലാക്കിയ പ്രൊജക്ടാണ് അതിഥിദേവോ ഭവ:.

2018 മുതൽ ജില്ലയിൽ ആരോഗ്യവകുപ്പും ദേശീയ ആരോഗ്യ ദൗത്യവും ചേർന്ന് നടത്തുന്ന പ്രൊജക്ടിലൂടെ നിരവധി അതിഥി തൊഴിലാളികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യം നൽകുവാൻ സാധിച്ചിട്ടുണ്ട്. ജില്ലയിലെ വിവിധ ഭാഗങ്ങളിലായി തൊഴിൽകേന്ദ്രങ്ങളിലുൾപ്പെടെയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ജില്ലാ ഭരണകൂടം, തൊഴിൽവകുപ്പ്, ഡെൽസ, പോലീസ്, വിവിധ എൻ ജി ഒ കൾ തുടങ്ങി വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും സഹായത്തോടെയാണ് ക്യാമ്പുകളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നത്.

മലേറിയ, ഡെങ്കിപ്പനി, ടി ബി, മന്ത്, ഹെപ്പറ്റൈറ്റിസ്, എച്ച്ഐവി, ഹൈപ്പർടെൻഷൻ, ഡയബെറ്റിസ് എന്നിവയുടെ സ്ക്രീനിംഗുകൾ ഇതിന്റെ ഭാഗമായി നടക്കും. എതെങ്കിലും വിധത്തിലുള്ള രോഗങ്ങൾ ഉള്ളവരെ കണ്ടെത്തി ആവശ്യമായ ചികിത്സ സൗജന്യമായി ഉറപ്പുവരുത്തും. ബോധവത്കരണക്ലാസുകളും പ്രചരണപരിപാടികളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കാറുണ്ട്.

തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ പരിശോധിച്ച് ആരോഗ്യകരമായ സാഹചര്യമാണോയെന്ന് ഉറപ്പുവരുത്തുന്ന പ്രവർത്തനവും നടത്തുന്നുണ്ട്. നല്ല സൗകര്യങ്ങൾ ലഭ്യമാക്കാനാവുന്ന വിധത്തിലുള്ള ഇടപെടലുകൾ നടത്തുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ട്.

അതിഥി തൊഴിലാളികൾക്കിടയിലെ പ്രവർത്തനങ്ങളിൽ ഭാഷാപ്രശ്നവും മറ്റ് വിവിധ വിഷയങ്ങളും തടസ്സം സൃഷ്ടിക്കാറുണ്ട്. ഇത് പരിഹരിക്കാൻ ഉതകുന്ന വിധത്തിൽ മൈഗ്രന്റ് ലിങ്ക്വർക്കർമാരുടെ സേവനം ദേശീയ ആരോഗ്യ ദൗത്യം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലയിൽ പരിശീലനം നേടിയ 9 മൈഗ്രന്റ്ലിങ്ക്വർക്കർമാർ ദേശീയ ആരോഗ്യദൗത്യത്തിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കാക്കനാട് കലക്ട്രേറ്റിൽ ആരംഭിച്ച അതിഥിദേവോ ഭവ: ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വെൽഫെയർ ഓഫീസ് ഈ പ്രവർത്തനങ്ങളെ എകോപിപ്പിക്കുന്നതിൽ പങ്ക് വഹിക്കുന്നു.

നോ ടു ഡ്രഗ് - ലഹരിവിമുക്ത ക്യാമ്പയിന്റെ ഭാഗമായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പും തൊഴിൽവകുപ്പും ചേർന്ന് നടത്തിയ പരിപാടികളുടെ ഭാഗമായി എറണാകുളം, എലൂർ ടൗൺ ഹാൾ, പായിപ്ര, പെരുമ്പാവൂർ എന്നിവിടങ്ങളിൽ അതിഥി ദേവോ ഭവ: സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിച്ചു. സി എം ഐ ഡിയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ബന്ധു ക്ലിനിക്കിന്റെ സേവനവും ലഭ്യമാക്കുന്നുണ്ട്.



eSanjeevaniOPD
STAY HOME OPD

# സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനവും ഇ സഞ്ജീവനിയിൽ

### ഇ സഞ്ജീവനി ഹബ്ബ് ആന്റ് സ്പോക്ക് ഒരു ലക്ഷം ജനങ്ങളിലേക്ക്

തിരുവനന്തപുരം: ഇ സഞ്ജീവനി ത്രിതല ഹബ്ബ് ആന്റ് സ്പോക്ക് സംവിധാനത്തിന് ജനങ്ങളിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിക്കുന്നത് സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനവും ഇ സഞ്ജീവനിയിൽ വന്നതോടെ പൊതുജനങ്ങൾക്ക് മെഡിക്കൽ കോളേജുകളിൽ പോകാതെ തന്നെ തൊട്ടടുത്തുള്ള സർക്കാർ ആശുപത്രിയിൽ നിന്നും എല്ലാ സൂപ്പർ സ്പെഷ്യലിറ്റി സേവനങ്ങളും ലഭ്യമാകും. ഇതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മറ്റിയും ജില്ലകളിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല കമ്മറ്റിയും രൂപീകരിച്ചു കഴിഞ്ഞു. വരും ഘട്ടങ്ങളിൽ കാസ്പുമായി ചേർന്ന് സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തവും ഉറപ്പാക്കാൻ സാധിക്കും. മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിൽ സ്വകാര്യ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം ഉപയോഗിക്കുന്നതാണ്. നിലവിൽ കേരളത്തിൽ പതിനായിരത്തിൽ അധികം പരിശോധനകൾ ഡോക്ടർ ടു ഡോക്ടർ വഴി പൂർത്തിയാക്കി.

ജില്ലാ ജനറൽ ആശുപത്രികൾ മുഖേന സ്പെഷ്യാലിറ്റി സേവനങ്ങളും മെഡിക്കൽ കോളേജുകൾ വഴി സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളുമാണ് ലഭ്യമാക്കുന്നത്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ, അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവ സ്പോക്കായാണ് പ്രവർത്തിക്കുക. ജില്ലാ, ജനറൽ ആശുപത്രികളും, മെഡിക്കൽ കോളേജുകളും ഹബ്ബായും പ്രവർത്തിക്കും. ആദ്യമായി സ്പോക് ആശുപത്രിയിലെ ഡോക്ടർ പ്രാഥമിക പരിശോധന നടത്തും. ആ രോഗിയെ സ്പെഷ്യലിസ്റ്റ് ഡോക്ടർക്ക് റഫർ ചെയ്യേണ്ട സാഹചര്യം ഉണ്ടെങ്കിൽ ജില്ലാ, ജനറൽ മെഡിക്കൽ കോളേജിലെ ഹബ്ബിലെ ഡോക്ടറിലേക്ക് ഡോക്ടർ ടു ഡോക്ടർ സേവനം വഴി കണക്ട് ചെയ്യുന്നതാണ്. ഇതിലൂടെ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് മെഡിക്കൽ കോളേജുകളിലേക്കും, ജില്ലാ ആശുപത്രികളിലേക്കും പോകാതെ തന്നെ വിദഗ്ധ ഡോക്ടറുടെ സേവനം ലഭ്യമാകുന്നതാണ്.

ഇ സഞ്ജീവനി വഴി ലഭിക്കുന്ന കുറുപ്പടി സർക്കാർ ആശുപത്രിയിൽ നൽകുമ്പോൾ സൗജന്യമായി മരുന്നുകളും പരിശോധനകളും ലഭിക്കുന്നു. ഗൃഹ സന്ദർശനം നടത്തുന്ന പാലിയേറ്റീവ് കെയർ സ്റ്റാഫ്, ആശ, സ്റ്റാഫ് നഴ്സുമാർ എന്നിവർക്കും ഡോക്ടർ ടു ഡോക്ടർ വഴി ഡോക്ടർമാരുടെ സേവനം രോഗികൾക്ക് നൽകാവുന്നതാണ്. എല്ലാ ആശുപത്രികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും മികച്ച പ്രതികരണമാണ് ഇ സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ സേവനങ്ങൾക്കും ലഭിക്കുന്നത്. ഇതിന്റെ വിജയത്തെ തുടർന്നാണ് ഹബ്ബ് ആന്റ് സ്പോക്ക് സംവിധാനം സംസ്ഥാന വ്യാപകമാക്കുന്നത്.

ഇ സഞ്ജീവനി ഒപിഡിയിൽ നിലവിൽ 4.58 ലക്ഷത്തിൽ അധികം പരിശോധനകൾ നടന്നു. വീഡിയോ കോൺഫറൻസ് വഴിയും ജനങ്ങൾക്ക് ഡോക്ടറോട് നേരിട്ട് രോഗ വിവരത്തെപ്പറ്റി സംസാരിക്കാവുന്നതാണ്. ഓൺലൈൻ കൺസൾട്ടേഷന് ശേഷം മരുന്ന് കുറിപ്പടി ഉടൻ തന്നെ ഡൗൺലോഡ് ചെയ്ത് മരുന്നുകൾ വാങ്ങാനും പരിശോധനകൾ നടത്താനും തുടർന്നും സേവനം തേടാനും സാധിക്കുന്നു.

### ഇ സഞ്ജീവനി ഒ പി ഡി വിശദാംശങ്ങൾ

| E Sanjeevani OPD | Days | Timing |
|---|---|---|
| General OP | All Days | 8 AM to 8PM |
| Covid OP | All Days | 24 Hrs. |
| Post Covid OP | All Days | 8 AM to 8 PM |
| Gynecology OP | All Days | 9 AM to 1PM |
| Dermatology OP | All Days | 9 AM to 5 PM |
| Chest / Pulmonology OP | All Days | 9 AM to 1 PM |
| General Surgery OP | All Days | 9 AM to 1 PM |
| Psychiatric OP | All Days | 9 AM to 1 PM |
| General Medicine OP | All Days | 9 AM to 1 PM |
| ENT OP | All Days | 9 AM to 5 PM |
| Ophthalmology OP | All Days | 9 AM to 5 PM |
| Palliative Care OP | All Days | 9 AM to 1 PM |
| Pediatric OP | All Days | 9 AM to 6 PM (Monday to Saturday), 9 AM to 1 PM (Sunday) |
| Cardiology OP | Sunday | 9 AM to 1 PM |
| Ortho OP | Monday, Thursday & Friday | 9 AM to 1 PM |
| Dental OP | Monday Tuesday & Friday | 9 AM to 1 PM |
| Adolescent Health OP | Monday to Saturday | 9:30 AM to 3 PM |
| Hemophilia OP | Monday to Saturday | 9 AM to 1 PM |
| NCD OP (IID) | Tuesday & Thursday | 2 PM to 4 PM |
| DEIC OP | Monday to Friday. | 10 AM to 4 PM, Lunch break 1 PM to 2 PM. |
| Ayurveda OP | Monday to Saturday | 9 AM to 2 PM |
| Homeopathy OP | Monday to Saturday | 9 AM to 2 PM |



നോ ടു ഡ്രഗ് ക്യാമ്പയിന്റെ ഭാഗമായി ഒരുക്കിയ സെൽഫി കോർണറിൽ സെൽഫി എടുക്കുന്ന ആരോഗ്യ മന്ത്രി വീണാ ജോർജ്

# 'പുഞ്ചിരി 22' ശിശുദിനാഘോഷം സംഘടിപ്പിച്ചു


'പുഞ്ചിരി 22' ശിശുദിനാഘോഷത്തിന്റെ ഭാഗമായി എത്തിച്ചേർന്ന കുട്ടികൾ രക്ഷിതാക്കൾക്കും ആരോഗ്യപ്രവർത്തകർക്കുമൊപ്പം

**കാസറഗോഡ്**: ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) ദേശീയ ആരോഗ്യ ദൗത്യം കാസറഗോഡ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ശിശുദാനാഘോഷം സംഘടിപ്പിച്ചു. പടന്നക്കാട് ബേക്കൽ ക്ലബ്ബിൽ നടന്ന ശിശുദിനാഘോഷം കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൺ കെ വി സുജാത ഉദ്ഘാടനം ചെയ്തു.

ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ജില്ലാ ഏർലി ഇന്റർവെൻഷൻ സെന്റർ (ഡി ഇ ഐ സി) യിലെയും അനുയാത്ര മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റിലേയും ഗുണഭോക്താക്കളായ കുട്ടികൾക്കായിട്ടാണ് ശിശുദിനാഘോഷം സംഘടിപ്പിച്ചത്.

കുട്ടികളിലെ വിവിധ തരത്തിലുള്ള കഴിവുകൾ കണ്ടെത്താനും അത് വളർത്തിയെടുക്കുവാനുമാണ് ഇത്തരത്തിൽ പരിപാടി സംഘടിപ്പിച്ചത്. വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നതിലൂടെ ഇവരിൽ സംസാര ശേഷി, ഏകാഗ്രത, കൈ കാലുകളുടെ ചലനം, ചിന്തിക്കാനുള്ള കഴിവ്, ആശയ വിനിമയം എന്നിവയിൽ ഘട്ടം ഘട്ടമായി പുരോഗതി വരുത്താൻ സാധിക്കും. കുട്ടികൾക്ക് ഓപ്പൺ സ്റ്റേജ് പ്രകടനത്തിന് അവസരം ഒരുക്കുക എന്നതുമാണ് പുഞ്ചിരി 2022ലൂടെ ഉദ്ദേശിക്കുന്നത്.

കുട്ടികളിലെ വൈകല്യങ്ങൾ, വളർച്ചാ വികസത്തിലെ കാലതാമസം എന്നിവ മുൻകൂട്ടി നിർണ്ണയിക്കുന്നതിനും ഫലപ്രദമായ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ജില്ലയിൽ ഏർലി ഇന്റർവെൻഷൻ സെന്റർ പ്രവർത്തിച്ചു വരുന്നത്. 18 വയസ്സു വരെ ഉള്ള കുട്ടികൾക്കായി ശിശുരോഗ വിദഗ്ദ്ധൻ, മെഡിക്കൽ ഓഫീസർ, ഡെന്റൽ സർജൻ, സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എജ്യുക്കേറ്റർ, ഓഡിയോളജിസ്റ്റ്, സ്പീച്ച് ലാംഗ്വേജ് പത്തോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാണ്.

ഡി ഇ ഐ സിയുടെ സേവനം ഫീൽഡ് തലത്തിൽ ലഭ്യമാക്കുന്നതിനായി ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെയും ആഭിമുഖ്യത്തിൽ അനുയാത്ര മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റും പ്രവർത്തിച്ചു വരുന്നു.

# വീഡിയോ സീരീസുമായി ബിസിസി വിഭാഗം

തിരുവനന്തപുരം: നവകേരളം കർമ പദ്ധതി രണ്ടാം ഘട്ടത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആരോഗ്യമേഖലയിൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളെയും പദ്ധതികളെയും ഉൾക്കൊള്ളിച്ചുള്ള വീഡിയോ സീരിസുമായി ആരോഗ്യകേരളം ബിസിസി വിഭാഗം. ജനോപകരപ്രദമായ നിരവധി പ്രവർത്തനങ്ങളാണ് ഇതിനോടകം ആരോഗ്യവകുപ്പ് നടപ്പാക്കിയിട്ടുള്ളത്. ഓരോ ജില്ലയിലും നടന്ന പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് വീഡിയോ നിർമ്മിച്ചിരിക്കുന്നത്. ഓരോ എപ്പിസോഡായി ആരോഗ്യകേരളം സമൂഹമാധ്യമങ്ങളിൽ കൂടിയാണ് വീഡിയോ പ്രചരിപ്പിക്കുന്നത്. മികച്ച പ്രതികരണമാണ് വീഡിയോകൾക്ക് ലഭിക്കുന്നത്.

ജില്ലാ പ്രോഗ്രാം മാനേജർ, ഡോക്യുമെന്റേഷൻ കൺസൽട്ടൻറ് എന്നിവരുടെ നേതൃത്വത്തിലാണ് വീഡിയോ തയ്യാറാക്കിയിരിക്കുന്നത്.

